**മധുരമായ കുട്ടികളേ - നിങ്ങൾക്ക് ലഹരി ഉണ്ടായിരിക്കണം ഏതു ശിവനെയാണോ സർവ്വരും പൂജിക്കുന്നത് ആ ശിവൻ ഇപ്പോൾ നമ്മുടെ പിതാവായിരിക്കുന്നു. നമ്മൾ ആ പിതാവിന്റെ സന്മുഖത്തിരിക്കുന്നു.**

**ചോദ്യം:-** എന്തുകൊണ്ടാണ് മനുഷ്യർ ഭഗവാനോട് ക്ഷമ ചോദിക്കുന്നത്? എന്താ ഭഗവാൻ അവരോട് ക്ഷമിക്കുമോ?
**ഉത്തരം:-** നമ്മൾ ചെയ്യുന്ന പാപകർമ്മങ്ങളുടെ ശിക്ഷ ഭഗവാൻ ധർമ്മരാജനായി നൽകും എന്ന് മനുഷ്യർ മനസ്സിലാക്കുന്നുണ്ട് അതുകൊണ്ടാണ് ക്ഷമ ചോദിക്കുന്നത്. എന്നാൽ അവർക്ക് തന്റെ കർമ്മങ്ങളുടെ ശിക്ഷ രോഗങ്ങളുടെ രൂപത്തിൽ അനുഭവിച്ചേ മതിയാകൂ, ഭഗവാൻ അതിന് അവർക്ക് മരുന്നൊന്നും നൽകുന്നില്ല. ഗർഭ ജയിലിലും ശിക്ഷകൾ അനുഭവിക്കണം, സാക്ഷാത്കാരമുണ്ടാകും നിങ്ങൾ ഇതെല്ലാം ചെയ്തിട്ടുണ്ട്, ഈശ്വരീയ നിർദ്ദേശമനുസരിച്ച് നടന്നില്ല അതിനാലാണ് ഈ ശിക്ഷ.

**ഗീതം:-** നിങ്ങൾ രാത്രി ഉറങ്ങി നഷ്ടപ്പെടുത്തി....

**ഓം ശാന്തി**. ഇതാരാണ് പറഞ്ഞത്? ആത്മീയ അച്ഛനാണ് പറഞ്ഞത്. ആത്മീയ അച്ഛനാണ് ഉയർന്നതിലും ഉയർന്നത്. സർവ്വ മനുഷ്യരേക്കാളും സർവാത്മാക്കളെക്കാളും ഉയർന്നതാണ്. സർവ്വരിലും ആത്മാവുണ്ടല്ലോ. ശരീരം പാർട്ടഭിനയിക്കാനാണ് ലഭിച്ചിരിക്കുന്നത്. ഇപ്പോൾ നിങ്ങൾ കാണുന്നുണ്ട് സന്ന്യാസിമാരുടെയെല്ലാം ശരീരത്തിന് പോലും എത്രമാത്രം ബഹുമാനമാണ് ലഭിക്കുന്നത്. തന്റെ ഗുരുക്കന്മാരുടെയെല്ലാം മഹിമ പാടുന്നു. ഈ പരിധിയില്ലാത്ത ബാബ ഗുപ്തമാണ്. നിങ്ങൾക്കറിയാം ശിവബാബ ഉയർന്നതിലും ഉയർന്നതാണ്, ബാബയേക്കാളും ഉയർന്നതായി ആരുമില്ല. ധർമ്മരാജനും ബാബയുടെ കൂടെയുണ്ട് അതുകൊണ്ടാണ് ഭക്തിമാർഗത്തിൽ ക്ഷമ ചോദിക്കുന്നത് - അല്ലയോ ഭഗവാനേ ക്ഷമിക്കണേ?... ഇപ്പോൾ ഭഗവാൻ എന്തു ചെയ്യും? ഇവിടെയാണെങ്കിൽ ഗവണ്മെന്റ് പിടിച്ച് ജയിലിലിടും. ധർമ്മരാജൻ ഗർഭജയിലിൽ ശിക്ഷ നൽകുന്നു. ശിക്ഷകളും അനുഭവിക്കേണ്ടി വരും, അതിനെയാണ് കർമ്മഭോഗമെന്ന് പറയുന്നത്. ഇപ്പോൾ നിങ്ങൾക്കറിയാം കർമ്മഭോഗം ആരാണ് അനുഭവിക്കുന്നത്?. എന്തായിരിക്കും?... പറയുന്നു, അല്ലയോ പ്രഭൂ ക്ഷമിക്കണേ.... ദുഃഖമകറ്റണേ, സുഖം നൽകണേ... ഇപ്പോൾ ഭഗവാനെന്തെങ്കിലും മരുന്ന് നൽകുന്നുണ്ടോ. ഭഗവാന് ഒന്നും ചെയ്യാൻ സാധിക്കില്ല. പിന്നെന്തിനാണ് ഭഗവാനോട് പറയുന്നത്? എന്തുകൊണ്ടെന്നാൽ ഭഗവാനോടൊപ്പം ധർമ്മരാജനുമുണ്ട്. തെറ്റായ കർമ്മം ചെയ്താൽ തീർച്ചയായും അനുഭവിക്കേണ്ടി വരും. ഗർഭജയിലിൽ ശിക്ഷയും ലഭിക്കും. എല്ലാ സാക്ഷാത്കാരവും ലഭിക്കും. സാക്ഷാത്കാരം കൂടാതെ ശിക്ഷ ലഭിക്കില്ല. ഗർഭജയിലിൽ ഒരു മരുന്നുമി ല്ല. അവിടെ ശിക്ഷകൾ അനുഭവിക്കേണ്ടി വരും. എപ്പോൾ ദുഃഖമനുഭവിക്കുന്നോ അപ്പോൾ പറയുന്നു, ഭഗവാനേ ഈ ജയിലിൽ നിന്നും പുറത്തിറക്കൂ.

ഇപ്പോൾ നിങ്ങൾ കുട്ടികൾ ആരുടെ മുൻപിലാണിരിക്കുന്നത്? ഉയർന്നതിലും ഉയർന്ന ബാബയുടെ, എന്നാൽ ബാബ ഗുപ്തമാണ്. മറ്റെല്ലാവർക്കും കാഴ്ചയിൽ ശരീരമുണ്ട് എന്നാൽ ശിവബാബക്ക് സ്വന്തമായി കൈയ്യോ, കാലോ ഇല്ല. പൂക്കളെല്ലാം വാങ്ങിക്കുന്നതാരായിരിക്കും? വേണമെങ്കിൽ ഇദ്ദേഹത്തിന്റെ കൈകളിലൂടെ തന്നെ വാങ്ങിക്കണം. എന്നാൽ ആരിൽ നിന്നും വാങ്ങിക്കുന്നില്ല. ഏതുപോലെയാണോ ശങ്കരാചാര്യർ നമ്മെ ആരും സ്പർശിക്കരുതെന്ന് പറയുന്നത്. ബാബ പറയുന്നു, പതീതരിൽ നിന്ന് ഞാൻ എങ്ങനെ സ്വീകരിക്കും! എനിക്ക് പൂക്കളുടെ ആവശ്യമില്ല. ഭക്തിമാർഗത്തിൽ സോമനാഥക്ഷേത്രം പണിത് പുഷ്പങ്ങൾ അർപ്പിക്കുന്നു. എന്നാൽ എനിക്ക് ശരീരമില്ല. ആത്മാവിനെ ആരെങ്കിലും സ്പർശിക്കുമോ? പതിതരിൽ നിന്നും എങ്ങനെ പുഷ്പങ്ങൾ വാങ്ങിക്കും എന്ന് ബാബ ചോദിക്കുന്നു. ആർക്കും കൈ തൊടാൻ പോലും സാധിക്കില്ല. പതിതരെ സ്പർശിക്കാൻ പോലും അനുവാദമില്ല. ഇന്ന്, ബാബാ..എന്ന് വിളിച്ച് നാളെ പോയി നരകവാസിയാകുന്നു. ഇങ്ങനെയുള്ളവരെ നോക്കുക പോലുമില്ല. ഞാൻ ഉയർന്നതിലും ഉയർന്നതാണെന്ന് ബാബ പറയുന്നു. എല്ലാ സന്ന്യാസിമാരേയും ഡ്രാമയനുസരിച്ച് ഉദ്ധരിക്കണം. എന്നെ ആരും തന്നെ അറിയുന്നില്ല. ശിവനെ പൂജിക്കുന്നുണ്ട് എന്നാൽ ശിവനാണ് ഗീതയുടെ ഭഗവാൻ, ഇവിടെ വന്ന് ജ്ഞാനം നൽകുന്നതെന്നൊന്നും മനസ്സിലാക്കുന്നില്ല. ഗീതയിൽ കൃഷ്ണന്റെ പേര് വെച്ചിരിക്കുന്നു. കൃഷ്ണനാണ് ജ്ഞാനം നൽകിയതെങ്കിൽ ശിവൻ എന്താണ് ചെയ്തത്? അപ്പോൾ മനുഷ്യർ, ശിവൻ വരുന്നതേയില്ല എന്ന് ചിന്തിക്കുന്നു. പതീതപാവനൻ എന്ന് കൃഷ്ണനെ വിളിക്കില്ല. പതീത-പാവനൻ എന്ന് എന്നെയാണ് വിളക്കുന്നത്. നിങ്ങളിലും കുറച്ചു പേർക്ക് മാത്രമേ ബാബയുടെ

ആദരവ് വെക്കാൻ സാധിക്കൂ. എത്ര സാധാരണമായാണ് കഴിയുന്നത്. മനസ്സിലാക്കിത്തരുന്നു – ഞാൻ ഈ സന്യാസിമാരുടെയും പിതാവാണ്. ശങ്കരാചാര്യരെപ്പോലുള്ള സർവ്വ ആത്മാക്കളുടേയും പിതാവാണ് ഞാൻ. ശരീരങ്ങളുടെ പിതാവ് അതെല്ലാവർക്കുമുണ്ട്, ഞാൻ എല്ലാ ആത്മക്കളുടെയും പിതാവാണ്. എന്നെയാണ് സർവ്വരും പൂജിക്കുന്നത്. ഇപ്പോൾ ആ ബാബ ഇവിടെ സന്മുഖത്തിരിക്കുന്നു. എന്നാൽ നമ്മൾ ആരുടെ മുന്നിലാണ് ഇരിക്കുന്നതെന്ന് എല്ലാവരും മസ്സിലാക്കുന്നില്ല.

ആത്മാക്കൾ ജന്മജന്മാന്തരങ്ങളായി ദേഹാഭിമാനത്തിൽ വീണുകിടക്കുന്നതുകൊണ്ട് ബാബയെ ഓർമ്മിക്കാൻ സാധിക്കുന്നില്ല. ദേഹത്തെത്തന്നെയാണ് കാണുന്നത്. ദേഹീ അഭിമാനിയാകുകയാണെങ്കിൽ ബാബയേയും ഓർമ്മിക്കും, ശ്രീമതമനുസരിക്കുകയും ചെയ്യും. ബാബ പറയുന്നു – എന്നെ അറിയുന്നതിനുള്ള പുരുഷാർത്ഥികളാണ് എല്ലാവരും. പൂർണ്ണമായും ദേഹീഅഭിമാനികളാകുന്നവർ അന്തിമത്തിൽ വിജയിക്കും. ബാക്കി എല്ലാവരിലും അല്പമെങ്കിലും ദേഹാഭിമാനം അവശേഷിക്കും. ബാബ ഗുപ്തമാണ്. ബാബക്ക് ഒന്നും കൊടുക്കാൻ സാധിക്കില്ല. കുട്ടികൾ ശിവക്ഷേത്രങ്ങളിൽ പോയി പറഞ്ഞുകൊടുക്കാറുണ്ട്. കുമാരിമാർ തന്നെയാണ് ശിവബാബയുടെ പരിചയം കൊടുക്കുന്നത്. കുമാരന്മാരും, കുമാരിമാരും രണ്ടുപേരുമുണ്ട്. കുമാരന്മാരും പരിചയം കൊടുക്കുന്നുണ്ട്. മാതാക്കളെ വിശേഷിച്ച് ഉയർത്തിക്കാണിക്കാൻ കാരണം അവർ പുരുഷൻമാരെക്കാൾ കൂടുതൽ സേവനം ചെയ്തതിനാലാണ്. കുട്ടികൾക്ക് സേവനത്തിനോട് താൽപര്യമുണ്ടായിരിക്കണം. ലൗകിക പഠിത്തത്തിനോടു താൽപര്യം കാണിക്കുന്നതു പോലെ. അത് ഭൗതീകം. ഇത് ആത്മീയം. ഭൗതീക പഠിത്തം പഠിച്ചാലും, അഭ്യാസങ്ങൾ മുതലായവ പഠിച്ചാലും ഒന്നും തന്നെ ലഭിക്കില്ല. ഒരാൾ തനിക്ക് കുട്ടി ജനിച്ചതിന്റെ ആഘോഷം നടത്തി എന്ന് വിചാരിക്കൂ ,അതിൽ എന്തുലഭിക്കാനാണ്. എന്തെങ്കിലും നേടിയെടുക്കാനുള്ള സമയം പോലുമില്ല. ഇവിടെനിന്നു പോയാലും ജനിക്കാറുണ്ട് എന്നാൽ അവർ ഒന്നും മനസ്സിലാക്കില്ല. ജ്ഞാനത്തിൽ വന്ന് ശരീരം ഉപേക്ഷിച്ചവരാണെങ്കിൽ ഇവിടെ നിന്നും പഠിച്ചതിനനുസരിച്ച് അവർ ചെറുപ്പത്തിലേ തന്നെ ശിവബാബയെ ഓർമ്മിക്കുന്നുണ്ടാകും. ഇത് മന്ത്രമല്ലേ. ചെറിയ കുട്ടികളെ പഠിപ്പിച്ചാൽ, അവർക്ക് ബിന്ദു മുതലായവയൊന്നും മനസ്സിലാകുകയില്ല. ശിവബാബ–ശിവബാബ എന്ന് പറഞ്ഞുകൊണ്ടിരിക്കും. ശിവബാബയെ ഓർമ്മിക്കുകയാണെങ്കിൽ സ്വർഗത്തിന്റെ സമ്പത്ത് ലഭിക്കും. ഇങ്ങനെയെല്ലാം കുട്ടികൾക്ക് മനസ്സിലാക്കി കൊടുക്കുകയാണെങ്കിൽ അവരും സ്വർഗത്തിൽ വരും. എന്നാൽ ഉയർന്ന പദവിയൊന്നും നേടാൻ സാധിക്കില്ല. ഇങ്ങനെ ശിവബാബ, ശിവബാബ എന്ന് പറയുന്ന ധാരാളം കുട്ടികൾ ഇവിടെ വരാറുണ്ട്. പിന്നീട് അന്തിമ ബുദ്ധിപോലെ ഗതിയുണ്ടാകും. ഇവിടെ രാജധാനി സ്ഥാപിച്ചുകൊണ്ടിരിക്കുകയാണ്. എന്നാൽ ചെറിയ കുട്ടികൾ ഒന്നുമറിയാതെ ശിവ–ശിവാ എന്ന് പറയുന്നതു പോലെയാണ് മനുഷ്യർ ഇപ്പോൾ ശിവനെ പൂജിക്കുന്നത്. പൂജിക്കുന്നു എന്നതല്ലാതെ ഒന്നും തന്നെ മനസ്സിലാക്കുന്നില്ല. അവരോട് പറയണം– നിങ്ങൾ പൂജിക്കുന്നത് ജ്ഞാനസാഗരൻ, ഗീതയുടെ ഭഗവാനെയാണ്. ആ ഭഗവാനാണ് ഞങ്ങളെ പഠിപ്പിക്കുന്നത്. ശിവബാബയാണ് ഞങ്ങളെ പഠിപ്പിക്കുന്നതെന്ന് പറയാൻ സാധിക്കുന്ന മറ്റാരും ഈ ലോകത്തിലില്ല. ഇക്കാര്യം നിങ്ങൾക്ക് മാത്രമേ അറിയൂ എന്നിട്ടും മറന്നു പോകുന്നു. ഭഗവാനുവാച –ഞാൻ നിങ്ങളെ രാജയോഗം പഠിപ്പിക്കുന്നു. ആരാണ് പറയുന്നത് – ഭഗവാനുവാച, കാമം മഹാശത്രുവാണ്, കാമത്തിനു മേൽ വിജയം നേടൂ. പഴയ ലോകത്തെ സന്ന്യസിക്കൂ. ഹഠയോഗികൾ പരിധിയുള്ള സന്ന്യാസിമാരാണ്. അത് ശങ്കരാചാര്യൻ ഇതു ശിവാചാര്യൻ. ശിവാചാര്യൻ നമ്മളെ പഠിപ്പിക്കുന്നു. കൃഷ്ണനെ ആചാര്യൻ എന്ന് വിളിക്കില്ല. കൃഷ്ണൻ ചെറിയ കുട്ടിയാണ്. സത്യയുഗത്തിൽ ജ്ഞാനത്തിന്റെ ആവശ്യവുമില്ല.

ശിവക്ഷേത്രങ്ങൾ ഉള്ളയിടത്തെല്ലാം നിങ്ങൾ കുട്ടികൾക്ക് വളരെ നല്ല സേവനം ചെയ്യാൻ സാധിക്കും. മാതാക്കൾ പോകുന്നത് നല്ലതാണ്, കുമാരിമാരാണെങ്കിൽ വളരെ നല്ലത്. ഇപ്പോൾ നമുക്ക് ബാബയിൽ നിന്ന് രാജ്യഭാഗ്യം നേടണം. ബാബ നമ്മളെ പഠിപ്പിക്കുന്നു, പിന്നീട് നമ്മൾ മഹാരാജാവും–മഹാറാണിയുമാകും. ഉയർന്നതിലും, ഉയർന്നത് ബാബയാണ്, ഈ ജ്ഞാനം മനുഷ്യർക്കാർക്കും നൽകാൻ സാധിക്കില്ല. ഇത് കലിയുഗമാണ്. സത്യയുഗത്തിൽ ഈ ലക്ഷ്മീ–നാരായണന്റെ രാജ്യമായിരുന്നു. ഇവർ രാജാവും–റാണിയും എങ്ങനെയായി, സത്യയുഗത്തിന്റെ അധികാരിയാകുന്നതിന് ആര് രാജയോഗം പഠിപ്പിച്ചു? ആരുടെ പൂജയാണോ നിങ്ങൾ ചെയ്യുന്നത്, ആ ബാബ നിങ്ങളെ പഠിപ്പിച്ച് സത്യയുഗത്തിന്റെ അധികാരിയാക്കുന്നു. ബ്രഹ്മാവിലൂടെ സ്ഥാപന, വിഷ്ണുവിലൂടെ പാലന... പതീത പ്രവൃത്തീ മാർഗ്ഗത്തിലുള്ളവർ തന്നെയാണ് പാവന പ്രവൃത്തീ മാർഗ്ഗത്തിലേക്ക് പോകുന്നത്. പറയുന്നുമുണ്ട്, ബാബാ ഞങ്ങൾ പതിതരെ പാവനമാക്കൂ. പാവനമാക്കി ഇതുപോലെ ദേവതയാക്കൂ... അത് പ്രവൃത്തീ മാർഗമാണ്. നിവൃത്തി മാർഗത്തിലുള്ളവരുടെ ഗുരുവാകുന്നില്ല. ആരാണോ പവിത്രം അവരെയാണ് ഗുരുവാക്കുന്നത്. ഇങ്ങനെ സുഹൃത്തുക്കളായി കഴിയുന്ന ധാരാളം പേരുണ്ട്, അവർ വികാരത്തിനായി വിവാഹം കഴിക്കുന്നില്ല.

നിങ്ങൾ കുട്ടികൾക്ക് ഇങ്ങനെയിങ്ങനെ സേവനം ചെയ്യണം. ഉള്ളിൽ ലഹരി ഉണ്ടായിരിക്കണം. എന്തുകൊണ്ട് എനിക്ക് ബാബയുടെ സൽപുത്രനായി സേവനം ചെയ്തുകൂടാ? പഴയ ലോകത്തിന്റെ വിനാശം മുന്നിൽ നിൽക്കുന്നു. ഇപ്പോൾ കൃഷ്ണനല്ല, ശിവബാബയാണ് പറയുന്നത്. കൃഷ്ണൻ ഒരേഒരു പ്രാവശ്യം സത്യയുഗത്തിൽ മാത്രമാണുള്ളത്. അടുത്ത ജന്മത്തിൽ രൂപവും, പേരും എല്ലാം മാറുന്നു. 84 ജന്മത്തിൽ 84 രൂപം. കൃഷ്ണന് ഈ ജ്ഞാനം ആരേയും പഠിപ്പിക്കാൻ സാധിക്കില്ല. ആ കൃഷ്ണന് ഇവിടെ എങ്ങനെ വരാൻ സാധിക്കും. ഇപ്പോൾ നിങ്ങൾ കുട്ടികൾ ഈ കാര്യങ്ങളെല്ലാം മനസ്സിലാക്കുന്നു. അരകൽപം നല്ല ജന്മമായിരിക്കും, പിന്നീട് രാവണ രാജ്യം ആരംഭിക്കുന്നു. മനുഷ്യർ പൂർണ്ണമായും മൃഗത്തിന് സമാനമായി പരസ്പരം കലഹിച്ചുകൊണ്ടിരിക്കുന്നു. രാവണ ജന്മമല്ലേ. ബാക്കി 84 ലക്ഷം ജന്മങ്ങളൊന്നുമില്ല. ഇത്രയും വൈവിധ്യത്തിലുണ്ട്. എന്നാൽ ഇത്രയും ലക്ഷം ജന്മങ്ങളില്ല. ഇതെല്ലാം ബാബയിരുന്ന് മനസ്സിലാക്കിത്തരുന്നു. ബാബ ഉയർന്നതിലും ഉയർന്ന ഭഗവാനാണ്. ആ ബാബ പഠിപ്പിക്കുന്നു, ഒപ്പം ഇദ്ദേഹവുമില്ലേ. പഠിക്കുന്നില്ലെങ്കിൽ ആരുടെയെങ്കിലും അടുത്ത് പോയി ദാസ–ദാസിയാകും. എന്താ ശിവബാബയുടെ ദാസ – ദാസിയാകുമോ? ബാബ മനസ്സിലാക്കിത്തരുന്നു, പഠിക്കുന്നില്ലെങ്കിൽ സത്യയുഗത്തിൽ പോയി ദാസ–ദാസിയാകും. ആരാണോ കഴിച്ച്, കുടിച്ച്, ഉറങ്ങി, അൽപം പോലും സേവനം ചെയ്യാത്തത് അവർ ആരാകും?.. ഞാൻ ആരാകും എന്നത് ബുദ്ധിയിലും വരാറുണ്ടല്ലോ. ഞാൻ മഹാരാജാവാകും. എന്റെ മുന്നിൽ പോലും വരില്ല. സ്വയവും മനസ്സിലാക്കുന്നു – ഞാനിങ്ങനെയാകും. പക്ഷേ എന്നിട്ടും ലജ്ജയെവിടെ?.. എനിക്ക് എന്റെ ഉന്നതി ചെയ്ത് എന്തെങ്കിലും നേടണം, ഇങ്ങനെ മനസിലാക്കുന്നതേയില്ല. അതിനാൽ ബാബ പറയുന്നു, ഈ ബ്രഹ്മാവാണ് മനസ്സിലാക്കിത്തരുന്നതെന്ന് ഒരിക്കലും വിചാരിക്കരുത്, എല്ലായ്പ്പോഴും ശിവബാബയാണ് മനസ്സിലാക്കിത്തരുന്നത് എന്ന് മനസ്സിലാക്കൂ. ശിവബാബയെ ബഹുമാനിക്കുക തന്നെ വേണമല്ലോ. ബാബയോടൊപ്പം ധർമ്മരാജനുമുണ്ട്. അല്ലെങ്കിൽ ധർമ്മരാജന്റെ ശിക്ഷയും വളരെ അനുഭവിക്കേണ്ടി വരും. കുമാരിമാർക്ക് വളരെ സമർത്ഥരാകുക തന്നെ വേണം. ഇവിടെ കേട്ടു, പുറത്തുപോകുമ്പോൾ എല്ലാം ഇല്ലാതായി, അങ്ങനെയല്ല. ഭക്തിമാർഗത്തിന്റെ സാധനങ്ങൾ എത്രമാത്രമാണ്. അതിനാൽ ഇപ്പോൾ ബാബ പറയുന്നു, വിഷം ഉപേക്ഷിക്കൂ. സ്വർഗവാസിയാകൂ. അങ്ങനെയുള്ള സ്ലോഗനുകൾ തയ്യാറാക്കൂ. ശക്തിശാലി സിംഹിണികളാകൂ. പരിധിയില്ലാത്ത ബാബയെ ലഭിച്ചു, ഇനിയെന്താണ് ചിന്ത. ഗവൺമെന്റ് ധർമ്മങ്ങളെത്തന്നെ അംഗീകരിക്കുന്നില്ല പിന്നെ അവരെങ്ങനെ മനുഷ്യരെ ദേവതയാക്കാൻ വരും. അവർ പറയുന്നത് ഞങ്ങൾ ഒരു ധർമ്മത്തേയും അഗീകരിക്കുന്നില്ല, പിന്നെയെന്തിന് പരസ്പരം കലഹിക്കണം. അസത്യം തന്നെ അസത്യം, സത്യത്തിന്റ അംശംപോലുമില്ല. ഏറ്റവുമാദ്യം ഈശ്വരൻ സർവ്വവ്യാപിയെന്ന് പറഞ്ഞതിലൂടെ അസത്യം ആരംഭിച്ചു. ഹിന്ദു ധർമ്മമേയില്ല. ക്രിസ്ത്യാനികൾ അവരുടെ ധർമ്മത്തിൽ തന്നെയാണ്. അവർ തന്റെ ധർമ്മം മാറുന്നില്ല. നമ്മുടെ ഒരു ധർമ്മം മാത്രമാണ് തന്റെ യഥാർത്ഥ ധർമ്മം മാറി ഹിന്ദു എന്ന് പറയുന്നത്, പിന്നീട് നോക്കൂ എങ്ങനെയെല്ലാമുള്ള പേരുകളാണ് വരുന്നത്, ശ്രീ ശ്രീ ഇന്ന... ഇപ്പോൾ ശ്രീ അർത്ഥം ശ്രേഷ്ഠം എവിടെ? ഒരാളുടേത് പോലും ശ്രീമതമല്ല. ഇതെല്ലാം അവരുടെ ഇരുമ്പ് യുഗത്തിലെ അഭിപ്രായങ്ങളാണ്. അതിനെ ശ്രീമതമെന്ന് എങ്ങനെ പറയും? ഇപ്പോൾ നിങ്ങൾ കുമാരിമാർ ശക്തിശാലിയായി മാറൂ എങ്കിൽ ആർക്ക് വേണമെങ്കിലും മനസ്സിലാക്കി കൊടുക്കാൻ സാധിക്കും. എന്നാൽ യോഗയുക്തരായ നല്ല സമർത്ഥരായ കുട്ടികൾ വേണം. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെ കിട്ടിയ മധുര–മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും, സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണക്കുള്ള മുഖ്യ സാരം:–

1) തന്റെ ഉന്നതിക്കു വേണ്ടി ബാബയുടെ സേവനത്തിൽ തത്പരരാകണം. വെറുതെ കഴിച്ചും, കുടിച്ചും, ഉറങ്ങിയും കഴിഞ്ഞാൽ പദവി നഷ്ടമാകും.

2) ബാബയേയും, പഠിത്തത്തേയും ബഹുമാനിക്കണം. ദേഹീഅഭിമാനിയാകാൻ പരിപൂർണ്ണമായ പുരുഷാർത്ഥം ചെയ്യണം. ബാബയുടെ ശിക്ഷണങ്ങളെ ധാരണ ചെയ്ത് സുപുത്രരാകണം.

**വരദാനം–സേവനങ്ങൾ ചെയ്തുകൊണ്ടും ഉപരാമസ്ഥിതിയിലിരിക്കുന്ന യോഗയുക്തരും, യുക്തിയുക്തരുമായ സേവാധാരികളായി ഭവിക്കട്ടെ.**

ആരാണോ യോഗയുക്തരും, യുക്തിയുക്തരുമായ സേവാധാരികൾ അവർ സേവനങ്ങൾ ചെയ്തുകൊണ്ടും സദാ വേറിട്ടഅവസ്ഥയിൽ ഇരിക്കും.അല്ലാതെ സേവനങ്ങൾ ധാരാളമുണ്ട് അതിനാൽ അശരീരി സ്ഥിതിയിൽ ഇരിക്കാനാവുന്നില്ല എന്ന് പറയില്ല.ഇത് എന്റെ കാര്യമല്ല,ബാബ തന്ന സേവനമാണ് എന്ന് ഓർമ്മയുണ്ടായിരിക്കണം.അപ്പോൾ ബന്ധനമുക്തരായി ഇരിക്കാനാവും.ട്രസ്റ്റിയാണ്,ബന്ധനമുക്തമാണ് എന്നീ പ്രാക്ടീസുകൾ ചെയ്യണം.സൃഷ്ടിയുടെ അതിയുടെസമയത്തും അന്തിമഅവസ്ഥയിലും കർമ്മാതീതഅവസ്ഥയുടെ പ്രാക്ടീസ് ചെയ്യണം.എങ്ങിനെയാണോ ഇടക്കിടെ സങ്കൽപങ്ങളുടെ ട്രാഫിക്നെ കൺട്രോൾ ചെയ്യുന്നത് അതുപോലെ അന്തിമസമയത്തെ കർമ്മാതീത അവസ്ഥയുടേയും പ്രാക്ടീസ് ചെയ്യണം.അപ്പോൾ മാത്രമേ അന്തിമത്തിൽ പദവിയോടെ പാസാകാൻ കഴിയുകയുള്ളൂ.

**സ്ലോഗൻ: ശുഭഭാവന കാരണങ്ങളെ നിവാരണങ്ങളിലേക്ക് പരിവർത്തനം ചെയ്യുന്നു.**

**അവ്യക്തസൂചന– ആത്മീയമായ അന്തസ്സിന്റെയും, പവിത്രതയുടേയും വ്യക്തിത്വത്തെ സ്വായത്തമാക്കൂ**
പവിത്രത ഈ വിശേഷബ്രാഹ്മണ ജൻമത്തിന്റെ പ്രത്യേകതയാണ്. പവിത്ര സങ്കൽപങ്ങൾ ബ്രാഹ്മണരുടെ ബുദ്ധിയുടെ ഭോജനമാണ്. പവിത്രദൃഷ്ടി ബ്രാഹ്മണരുടെ കണ്ണുകളിലെ പ്രകാശമാണ്. പവിത്ര കർമ്മങ്ങൾ ബ്രാഹ്മണജീവിതത്തിലെ പ്രത്യേക ജോലിയാണ്. പവിത്ര സംബന്ധസമ്പർക്കങ്ങൾ ബ്രാഹ്മണജീവിതത്തിന്റെ മര്യാദകളാണ്. ഇങ്ങിനെയുള്ള വിശേഷപ്പെട്ട വസ്തുക്കളെ സ്വന്തമാക്കാനായി പരിശ്രമിക്കേണ്ട കാര്യമില്ല. അധികാരത്തോടെ ഇവയെ സ്വന്തമാക്കൂ.താങ്കളുടെ ജീവിതത്തിന്റെ വരദാനവും ഈ പവിത്രത തന്നെയാണ്.